# കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

**കുളത്തൂർ പി ഒ ,പത്തനംതിട്ട ജില്ല : 689588**
Ph: 0469-2696236 Email:kottangalgp@gmail.com

**3902393-2026** **04/06/2026**

## ക്വട്ടേഷൻ നോട്ടീസ്

കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ കൊച്ചെരപ്പ് 85 ആം നമ്പർ അങ്കണവാടിക്ക സമീപവും ഗവ. എൽ പി എസ് കുളത്തുർ കോമ്പൌണ്ടിലും പ്രാദേശിക ടീ കമ്മറ്റിയുടെ തീരുമാന പ്രകാരം മുറിച്ച് സൂക്ഷിച്ചിട്ടുള്ള തേക്ക് തടി കഷണങ്ങൾ വിറക് എന്നിവ വില്പന നടത്തുന്നതിനായി കേരളാ പഞ്ചായത്ത് രാജ് ആക്റ്റിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കും കാല കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും ഇതോടൊപ്പം ചേർത്തിരിക്കുന്ന നിബന്ധനകൾക്കും വിധേയമായി ക്വട്ടേഷൻ ക്ഷണിക്കുന്നു.

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 17/06/2026 2.00 പിഎം**

**ക്വട്ടേഷൻ തുറക്കുന്ന തീയതി 17/06/2026 3.00 പിഎം**

**നിരത ദ്രവ്യം :- 3500 രൂപ**

1. ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിച്ചാൽ ക്വട്ടേഷൻ തുകയുടെ 50% തുക അന്നേ ദിവസം 4 മണിക്ക് മുമ്പായി അടവാക്കേണ്ടതാണ്.

2. ഏറ്റവും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പിന്നീട് തുടർ നടപടികൾ സ്വീരിക്കുന്നതുമാണ്.

3. ക്വട്ടേഷൻ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ചാൽ 3 പ്രവർത്തി ദിവസത്തിനകം 200 രൂപ മൂല്യമുള്ള മുദ്ര പത്രത്തിൽ എഗ്രിമെൻറിൽ ഏർപ്പെടേണ്ടതും ബാക്കി ക്വട്ടേഷൻ തുക അടവാക്കേണ്ടതുമാണ്. ക്വട്ടേഷൻ തുകയുടെ 5% തുക വന വികസന നികുതിയും 18% തുക ജി എസ് ടി യും ക്വട്ടേഷൻ അംഗീകാരം കിട്ടുന്ന വ്യക്തി അടക്കേണ്ടതാണ് . മേൽ പറഞ്ഞ മുഴുവൻ തുകകളും പൂർണ്ണമായും അടക്കാതെ തടി കഷണങ്ങള് കൊണ്ടുപോകാൻ പാടില്ല. ക്വട്ടേഷൻ പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കി 7 ദിവസത്തിനകം തടികൾ കൊണ്ട് പോകേണ്ടതാണ് .

4. തടികൾ ഇപ്പോൾ സ്റ്റോക്ക് ചെയ്തിരിക്കുന്ന സ്ഥലങ്ങളിൽ നിന്നും സുരക്ഷിതമായി കൊണ്ടുപോകേണ്ടത് പൂർണ്ണമായും ക്വട്ടേഷന് അംഗീകാരം ലഭിക്കുന്ന വ്യക്തിയുടെ സ്വന്തം ഉത്തരവാധിത്വം ആണ്

5. ക്വട്ടേഷൻ നടപടികളുടെ ഏത് ഘട്ടത്തിൽ വെച്ചും ക്വട്ടേഷൻ നടപടികൾ നിർത്തി വയ്ക്കുന്നതിനുള്ള അധികാരം പരിപൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും.

6. ക്വട്ടേഷൻ സ്വീകരിക്കുന്നതോ തുറക്കുന്നതോ ആയ ദിവസം ഏതെങ്കിലും കാരണത്താൽ അവധി ദിവസമായാൽ ക്വട്ടേഷൻ അടുത്ത പ്രവൃത്തി ദിവസം അതെ സ്ഥലത്തും സമയത്തും വെച്ച് സ്വീകരിക്കുന്നതും തുറക്കുന്നതും ആണ്.

7. എല്ലാ സർക്കാർ ക്വട്ടേഷൻ നടപടി ക്രമങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും. 5% വന വികസന നികുതി ഉൾപ്പടെ എല്ലാവിധ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നികുതികളും ക്വട്ടേഷന് അംഗീകാരം ലഭിക്കുന്ന വ്യക്തി ഒടുക്കേണ്ടതാണ്

8. ക്വട്ടേഷൻ അംഗീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും.

9. ക്വട്ടേഷൻ സമർപ്പിക്കേണ്ട സമയത്തിന് മുമ്പായി നിരതദ്രവ്യം 3500/-രൂപ ഗ്രാമപഞ്ചായത്തിൽ അടക്കേണ്ടതാണ്

10. ക്വട്ടേഷൻ നല്കാൻ ഉദ്ദേശിക്കുന്നവർ സൈറ്റ് സന്ദർശിച്ച് ക്വട്ടേഷൻ പറയുന്ന വസ്തുക്കൾ നേരിൽ കണ്ട് ഏതൊക്കെ എന്ന് ഉറപ്പ് വരുത്തേണ്ടതാണ് . ക്വട്ടേഷൻ നൽകിയ ശേഷം ഇത് സംബനധിച്ച തർക്കങ്ങൾ പരിഗണിക്കുന്നതല്ല. കൊച്ചെരുപ്പ് 85 ആം നമ്പർ അംഗനവാടി പരിസരത്തും ഗവ. എൽ പി എസ് കുളത്തൂർ പരിസരത്തും ആയി ആണ് ക്വട്ടേഷൻ നോട്ടീസിൽ പറയുന്ന വസ്തുക്കൾ സൂക്ഷിച്ചിട്ടുള്ളത് .

കൂടുതൽ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ നിന്ന് പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്

(ഒപ്പ്)
സെക്രട്ടറി
കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്